# ആതുര ശുശ്രൂഷ

മനസ്സിന്റെ എന്ന പോലെ ശരീരത്തിന്റെ ആരോഗ്യവും പ്രവാചകൻ പ്രധാനമായി കണ്ടിരുന്നു. 'എല്ലാ രോഗങ്ങൾക്കും മരുന്നുണ്ട്' എന്ന് പ്രസ്താവിച്ച നബി ശുചിത്വപൂർണമായ ജീവിതത്തിലൂടെ രോഗങ്ങൾ വരാതെ സൂക്ഷിക്കാനും പഠിപ്പിച്ചു. രോഗങ്ങൾക്ക് ചികിത്സയും അദ്ദേഹം നടത്തിയിരുന്നു. പ്രവാചകന്റെ വൈദ്യ നിർദേശങ്ങൾ *തിബ്ബുന്നബി* എന്ന പേരിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്. 30-ൽ പരം സസ്യങ്ങളും അവയുടെ ഔഷധഗുണങ്ങളും നബിവചനങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. (ഡോ. എം.എച്ച്. ഫാറൂഖിയുടെ *മെഡിസിനൽ പ്ലാന്റ് ഇൻ ദ ട്രഡീഷൻസ് ഓഫ് പ്രൊഫറ്റ് മുഹമ്മദ്* എന്ന കൃതിയിൽ ഇവ വിവരിച്ചിട്ടുണ്ട്) ചെടികൾക്കു പുറമേ പച്ചവെള്ളവും തേനും ഒട്ടകപ്പാലും, ഒട്ടക മൂത്രവും നബി ഔഷധങ്ങളായി ഉപയോഗിച്ചിരുന്നു. കൊമ്പുവെക്കുക തുടങ്ങിയ ചികിത്സാരീതികളും നബി അനുവദിച്ചു.

ഗ്രീക്ക്-പേർഷ്യൻ നാഗരികതകളുമായുള്ള സമ്പർക്കം അവിടങ്ങളിലെ വൈദ്യശാസ്ത്ര പാരമ്പര്യവുമായി പരിചയപ്പെടാൻ മുസ്‌ലിംകൾക്ക് അവസരം നല്കി. ഖലീഫഃ ഉമറുബ്നുൽ ഖത്ത്വാബിന്റെ കാലത്തുതന്നെ ഗ്രീക്ക്-പേർഷ്യൻ ഭിഷഗ്വരന്മാരുമായി മുസ്‌ലിംകൾ ബന്ധം സ്ഥാപിച്ചിരുന്നു. പേർഷ്യയിൽ അന്ന് പ്രസിദ്ധമായിരുന്ന ജുന്ദിഷാപൂർ വൈദ്യപഠന കേന്ദ്രം മുസ്‌ലിംകൾക്കധീനമായി. മുസ്‌ലിം ഭിഷഗ്വരന്മാർക്ക് കൂടുതൽ ഗവേഷണ പഠനങ്ങൾ നടത്താൻ ഇതവസരമൊരുക്കി. ഉമവീ കാലഘട്ടത്തിൽതന്നെ അന്യഭാഷകളിലെ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യാൻ തുടങ്ങിയിരുന്നു. അബ്ബാസീ കാലഘട്ടത്തിൽ ഇതു സജീവമായി. റാസി, ഇബ്നുസീനാ, ഇബ്നുറുശ്ദ് എന്നിവർ ഇസ്‌ലാമിക ലോകത്തെ ഏറ്റവും പ്രഗല്ഭരായ വൈദ്യശാസ്ത്രജ്ഞരായി അറിയപ്പെടുന്നു. ആധുനിക വൈദ്യത്തിന്റെ ആരംഭം ഇബ്നുസീനായിൽനിന്നാണെന്നത് പൊതുസമ്മതമായ വസ്തുതയത്രേ. രോഗനിർണയത്തിലും ചികിത്സയിലും പുതിയ പല സങ്കേതങ്ങളും ഈ ഭിഷഗ്വരന്മാർ ആവിഷ്കരിച്ചു. മരുന്നുകൾ തയ്യാറാക്കുന്നതിന് പ്രത്യേകമായി ഒരു ശാസ്ത്രവും അവർ വികസിപ്പിക്കുകയുണ്ടായി. അറബ് ഔഷധ പ്രയോഗവും തെറാപിയും അക്കാലത്തെ ഇതര ചികിത്സാരീതികളിലേതിനെക്കാൾ മികച്ചതായിരുന്നു എന്നു വിലയിരുത്തപ്പെട്ടിട്ടുണ്ട്. മീനമ്പർ (**Ambergris**), കർപ്പൂരം, ഇലവർങ്ഗപ്പട്ട (**Cassia**), ഗ്രാമ്പൂ, രസം, സുന്നാമാക്കി, നറുമ്പശ(**Myrrh**) എന്നിവയുടെ ഔഷധപ്രാധാന്യം കണ്ടെത്തിയത് അറബ് മുസ്‌ലിംകളാണ്. പ്രാചീന ഔഷധ ശാസ്ത്രത്തോട് അവർ ഇവ കൂടി കൂട്ടിച്ചേർത്തു. ആദ്യമായി സിറപ്പ് (അറബിയിൽ 'ശറാബ്') ഉണ്ടാക്കിയതും അറബി വൈദ്യന്മാരാണ്.

മധ്യകാലഘട്ടത്തിലെ ആദ്യത്തെ മരുന്നുകടയും ഡിസ്പൻസറിയും സ്ഥാപിച്ചത് മുസ്‌ലിംകളാണെന്ന് വിൽഡ്യൂറന്റ് എഴുതുന്നു. സർജിക്കൽ ഓപ്പറേഷനുകൾക്ക് അനസ്തേഷ്യ ഉപയോഗിക്കുക അവരുടെ ചികിത്സയുടെ ഭാഗമായിരുന്നു. അക്കാലഘട്ടത്തിലെ ഇസ്‌ലാമിക ലോകത്ത് പ്രവർത്തിച്ചിരുന്ന 34 ആശുപത്രികളെക്കുറിച്ച് വ്യക്തമായ വിവരം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ജുൻദിഷാപൂരിലെ ആശുപത്രിയുടെ മാതൃകയിൽ സ്ഥാപിക്കപ്പെട്ടവയായിരുന്നു ഇവ.

ബഗ്ദാദിൽ ആദ്യത്തെ ആശുപത്രി സ്ഥാപിച്ചത് ഹാറൂനുർറശീദാണ്. 10-ാം നൂറ്റാണ്ടിൽ അഞ്ച് ആശുപത്രികൾ കൂടി അവിടെ സ്ഥാപിക്കപ്പെട്ടു. ക്രി. 918-ൽ ബഗ്ദാദിൽ ആശുപത്രികളുടെ മേല്നോട്ടം നിർവഹിക്കാൻ ഭരണകൂടം ഒരു ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ക്രി. 706-ൽ ദമസ്കസിൽ സ്ഥാപിക്കപ്പെട്ട ബീമാരിസ്താൻ ആണ് ഇസ്‌ലാമിക ലോകത്തെ ഏറ്റവും പ്രശസ്തമായ ആശുപത്രി. ക്രി. 978-ൽ അവിടെ 24 ഭിഷഗ്വരന്മാർ സേവനമനുഷ്ഠിച്ചിരുന്നു. ആശുപത്രികളിലെല്ലാം വൈദ്യപഠനത്തിന് സൗകര്യമുണ്ടായിരുന്നു. പരീക്ഷ പാസായി ഇജാസഃ കരസ്ഥമാക്കാത്ത ആർക്കും ഭിഷഗ്വരവൃത്തി ചെയ്യാൻ അനുവാദമുണ്ടായിരുന്നില്ല. ക്രി. 931-ൽ ബഗ്ദാദിൽ സർട്ടിഫിക്കറ്റുള്ള 860 വൈദ്യന്മാരുണ്ടായിരുന്നു.

വലിയ ആശുപത്രികൾക്കു പുറമേ അനേകം ചെറിയ ഡിസ്പൻസറികളും സഞ്ചരിക്കുന്ന ആശുപത്രികളും മുസ്‌ലിം നാടുകളിൽ എങ്ങും പ്രവർത്തിച്ചു. ചില പ്രത്യേക രോഗങ്ങൾക്ക് സ്പെഷ്യലൈസേഷനും ഉണ്ടായിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. സ്മോൾ പോക്സ്, മീസിൽസ് എന്നിവക്ക് റാസി കണ്ടെത്തിയ ചികിത്സാ രീതികൾ തന്നെയാണ് ആധുനിക കാലത്തും തുടർന്നുവരുന്നത്. രോഗികളുടെ നാവും കണ്ണും പരിശോധിച്ചു രോഗം നിർണയിക്കുന്ന ഇബ്നുസീനായുടെ സങ്കേതം അതേപടി ഇന്നും തുടർന്നുപോരുന്നു. ഇസ്‌ലാമിക നാഗരികതയിലെ ആതുര ശുശ്രൂഷാ രംഗം കിടയറ്റതും നൂതനവുമായിരുന്നു എന്ന് സൂചിപ്പിക്കുന്നവയാണ് ഉപര്യുക്ത വസ്തുതകൾ.